895

തിരുമുഖം കാണുന്തോറുമൊരുമയിൻ കതിരാലെന്നരവിന്ദം വിടരുന്നു
അരുമയിന്നുയിരാളാ! അഴകേറും മണവാളാ!
കരിമുകിൽ കുഴലാളാ! കരുണയിൻ മാനുവേലാ!

1 ആദിയിൽ താതൻ നിന്നോടിണച്ചാനെന്നെയെന്നാലും
പാതകൻ നിന്നിൽനിന്നു പിരിച്ചിതെന്നെ
ആദിവചനം ജഡമായോനേ നിൻജീവനെ
യാതനയിലാക്കിയ പാപി ഞാനേ!

പാതിവ്രത്യഭംഗത്താൽ പൂതിപ്പൂഴിയാമെന്നിൽ
നീതിപരിമള നീരൂതിവായാലൊഴിച്ച

2 പഞ്ചപാതകിയാമെൻ നഞ്ചു വായിൽനിന്നു
പുഞ്ചിരിയോടു തൂകും കെഞ്ചുംമൊഴി നെഞ്ചു പൊടിയിച്ചൂറും
നിൻജീവനത്താലെന്നിൽ ചെഞ്ചമ്മേ ചെയ്യുന്നഭിഷിഞ്ചനത്തെ-

അഞ്ചുമുറിവിൽ നിന്നു പഞ്ചമ്പൻബാണമേറ്റ
നിഞ്ചേടി ഞാനാകയാലെൻ ചിന്തനമെല്ലാം നിൻ-

3 കാന്താ! നിൻ കനകവായ് കാന്തികലരുകയാൽ
പൂന്തേനുരുവായ നിൻ സ്വാന്തമുള്ള
നിന്തേൻ ചൊൽക്കുറിയാൽ സുഗന്ധം
നൽകിടുന്നൊരു കാന്താരവിന്ദമാമീ കാന്തയെ നീ-

സന്തോഷത്തോടുൾക്കൊ ു സന്തതം തിരുമാർവ്വിൽ
ചിന്താമണിയാ നീ ചേർക്കെൻ ചിന്തനമെല്ലാം നിന്റെ-

4 മന്നാ! നിൻപൊന്നിൻകരമെന്നിൽ നിഴലിച്ചതാൽ
നിന്നുരുവമെന്നുള്ളിൽ മിന്നുന്നിതാ നിന്നിൽ മാത്രമൊഴികെ
മണ്ണിലുള്ളൊന്നിലുമേ എൻനാവിന്നില്ല രുചി തെല്ലുപോലും

നിന്നുയിർ നിറഞ്ഞ നിൻ വഹ്നിബീജമാം മന്നാ
തന്നുപോഷിപ്പിക്കെന്നെ വിണ്ണൊളികൾ നിറഞ്ഞ- J.J.